പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3913 — 24-08-2017 ൽ മറുപടിക്ക്

<u>പട്ടികജാതി- പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

| | ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി. |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ, പട്ടിക ജാതി ക്ഷേമ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ള പദ്ധതികളുടെ തുകയുൾപ്പെടെയുള്ള വിശദവിവരം നൽകുമോ; | (എ) & (ബി) | **പട്ടികവർഗ്ഗം**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി തുടർ പദ്ധതികൾക്കു പുറമേ തിരഞ്ഞെടുത്തിട്ടുള്ള പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. സാമൂഹിക പഠനമുറി - 6.21 കോടി രൂപ<br>2. ഗോത്രബന്ധു - പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം - 4 കോടി രൂപ<br>3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്പ്മെന്റ് സ്കീം.<br>(അടിസ്ഥാന സൗകര്യങ്ങൾ, എം.ജി.എൻ.ആർ. ഇ.ജി.എസ് - തൊഴിലിനുള്ള വേതനം, ആരോഗ്യം, 2013-14 മുതൽ നടപ്പിലാക്കി വരുന്ന ഹാംലെറ്റ് ഡവ. പദ്ധതിയുടെ സ്പിൽ ഓവർ, പി.കെ.കാളൻ കുടുംബ ക്ഷേമ പദ്ധതി ഉൾപ്പെടെ) - 100 കോടി രൂപ.<br>4. ഗോത്ര വാത്സല്യ നിധി - 2.00 കോടി<br>5. വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം - 10 ലക്ഷം രൂപ<br>6. ആരോഗ്യ വിദ്യാഭ്യാസ പരിപാടി തിരഞ്ഞെടുക്കപ്പെട്ട പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക<br>7. പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.<br>8. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് |
| (ബി) | ഓരോ പ്രവൃത്തിയുടെയും പുരോഗതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | | |

| | | | |
|---|---|---|---|
| | | | വിവിധജില്ലകളിൽ എം.ആർ.എസ്/ ഹോസ്റ്റലുകളുടെ നിർമ്മാണം.<br><br>പദ്ധതികളുടെ പുരോഗതിയുടെ വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു<br><br>**പട്ടികജാതി**<br><br>പദ്ധതികളുടെ പുരോഗതിയുടെ വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനോടകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ ? | (സി) | **പട്ടികവർഗ്ഗം**<br><br>*** സാമൂഹ്യ പഠന മുറി**<br><br>തെരഞ്ഞെടുക്കപ്പെട്ട നൂറു സങ്കേതങ്ങളിൽ പഠനമുറികൾ ആരംഭിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>*** മെന്റർ ടീച്ചർ (ഗോത്ര ബന്ധു) പദ്ധതി**<br><br>വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകൾ ഉള്ള 241 സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ ടിടിസി/ബി.എഡ് യോഗ്യതയുള്ള പട്ടികവർഗ്ഗ യുവതീ യുവാക്കളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരെ ഓരോ സ്കൂളിലും ഗോത്രഭാഷ പഠന സഹായ അദ്ധ്യാപകരായി നിയമിച്ചു.<br><br>***അംബേദ്ക്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം**<br><br>പിന്നോക്ക അവസ്ഥയിലുള്ള കോളനികളുടെ വിവരങ്ങൾ ജില്ലാ തലത്തിൽ നിന്നും ശേഖരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ 102 സങ്കേതങ്ങളുടെ വിവരം ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് ഏറ്റവും പിന്നോക്കം നിൽക്കുന്ന 50 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതാണ്.<br><br>***എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം**<br><br>100 തൊഴിൽ ദിനത്തിന് ഉപരിയായി അധിക തൊഴിൽ ഈ പദ്ധതി പ്രകാരം നൽകുന്നതാണ്. പ്രോജക്ട് സമർപ്പിക്കുന്നതിന് റൂറൽ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിനോട് നിർദ്ദേശം നൽകിയിട്ടുണ്ട്<br><br>***പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി**<br>സർക്കാർ ഉത്തരവ് (സാധാ)നം. 2321/2017/ത.സ്വ.ഭ. |

തീയതി 07.07.2017 പ്രകാരം പി. കെ. കാളൻ കുടുബ ക്ഷേമ പദ്ധതിയിൽ കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കി പട്ടികവർഗ്ഗ വികസനവകുപ്പും തദ്ദേശ സ്വയംഭരണവകുപ്പും സംയുക്തമായി നടപ്പിലാക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

***ഗോത്രവാത്സല്യ നിധി**

കരട് രൂപരേഖ സർക്കാർ പരിഗണനയിലാണ്.

***വയനാട് ഗോത്രഭാഷാ പഠനകേന്ദ്രം**

2017-18 സാമ്പത്തിക വർഷത്തിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

***ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക**

2017-18 സാമ്പത്തികവർഷം ഇതുമായി ബന്ധപ്പെട്ട് വയനാട് മൂന്ന് കേന്ദ്രങ്ങളും ഇടുക്കിയിൽ 2 കേന്ദ്രങ്ങളും മലപ്പുറം, അട്ടപ്പാടി, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഓരോ കേന്ദ്രവും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

***പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ**

ഗുരുതര പോഷകാഹാരക്കുറവുള്ള പട്ടികവർഗ്ഗ മേഖലകളിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉപയോഗിച്ച് പോഷകാഹാര പുനരധിവാസ പ്രചരണം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

*** KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.**

**പട്ടികജാതി**

ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി എന്ന പദ്ധതിയ്ക്കായി 2016 – 17 സാമ്പത്തിക വർഷം 4465 ഗുണഭോക്താക്കൾക്കായി 17572.15 ലക്ഷം രൂപയും 2017-

| | | | |
|---|---|---|---|
| | | | 18 സാമ്പത്തിക വർഷം നിലവിൽ 1444.03 ലക്ഷം രൂപയും വിനിയോഗിച്ചു. ഭവനരഹിതർക്ക് ഭവനം എന്ന പദ്ധതിയിൽ 2016-17 സാമ്പത്തികവർഷം 14,946 ഗുണഭോക്താക്കൾക്കായി 37,366.64 ലക്ഷം രൂപയും 2017- 18 സാമ്പത്തികവർഷം നിലവിൽ 11471.05 ലക്ഷം രൂപയും വിനിയോഗിച്ചു.<br>പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം എന്ന പദ്ധതിയ്ക്കായി 2016-17 സാമ്പത്തികവർഷം 10523 പേർക്കായി 5260.60 ലക്ഷം രൂപ ചെലവഴിച്ചു. 2016-17 സാമ്പത്തികവർഷം വിദേശതൊഴിൽ പദ്ധതി പ്രകാരം 446 പേർക്കും, സ്വയം തൊഴിൽ പദ്ധതി പ്രകാരം 192 പേർക്കും ധനസഹായം അനുവദിച്ചു. പട്ടികജാതി വികസനവകുപ്പ് തുടർ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം അനുബന്ധം III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

## ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ച പുതിയ പദ്ധതികളും നിലവിലെ സ്ഥിതിയും

| പദ്ധതികൾ | സ്വീകരിച്ച നടപടി |
|---|---|

**1. സാമൂഹിക പഠനമുറി**

പട്ടിക വർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ(ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസം തോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിക്കുന്നതാണ്. ഹാംലെറ്റിനെ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിലോ സമാന ഇടങ്ങളിലോ പ്രസ്തുത സെന്റർ പ്രവർത്തിക്കും ആവശ്യം വേണ്ടിടത്ത് സ്ഥിരം സൗകര്യം നൽകാനും ഉദ്ദേശിക്കുന്നു. ഓരോ വർഷവും ട്യൂട്ടറിന്റെ ഓണറേറിയം ഉൾപ്പെടെ അധിക സൗകര്യങ്ങളായ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായനാ സാമഗ്രികൾ തുടങ്ങിയവയ്ക്കുള്ള ചെലവുകൾ 5 ലക്ഷം രൂപയ്ക്കുള്ളിൽ നിജപ്പെടുത്തിക്കൊണ്ട് തുക അനുവദിക്കുന്നതാണ്. സ്ഥലത്തിന്റെ സ്ഥിതി അനുസരിച്ച് പുതിയ സെന്ററുകളുടെ നിർമ്മാണത്തിന്റെ ചെലവുകളിൽ മാറ്റം വരും. കുട്ടികൾക്കുള്ള ലഘു ഭക്ഷണത്തിനുള്ള തുക കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിംഗ നിർണ്ണയ സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ 50 ശതമാനം തുക വനിതകൾക്ക് ലഭിക്കുന്നതായി കണക്കാക്കാന്നു.

പട്ടിക വർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി പട്ടിക വർഗ്ഗ സെറ്റിൽ മെന്റുകളിലായി 100 സാമൂഹ്യ പഠനമുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സംവിധാനം ഒരുക്കുന്നതിന് 6.21 കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| കാസർഗോഡ് | 5 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 100 |

ടി പദ്ധതി നടപ്പിലാക്കുന്നതിനായി ഫെസിലിറ്റേറ്ററെ തിരഞ്ഞെടുക്കുന്നതിന് എല്ലാ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ആയത് പ്രകാരം പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വയനാട് ജില്ല ഒഴിച്ച് മറ്റുള്ള ജില്ലകളിൽ ഫെസിലിറ്റേറ്ററെ തെരഞ്ഞെടുത്തു. സാമൂഹ്യ പഠനമുറികൾക്കാവശ്യമായ ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**9. ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം**

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുള്ള പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റ്റി.റ്റി.സി/ബി.എഡ് യോഗ്യതയുള്ള പ്രദേശത്തെ ഒരു യുവ വിദ്യാസമ്പന്നനെ (ആണോ/പെണ്ണോ) ആദിവാസി ഭാഷയുടെയും മലയാള ഭാഷയുടെയും

മെന്റർ ടീച്ചർമാരെ തെരഞ്ഞടുക്കുന്നതിനായി വിജ്ഞാപനം നടത്തി അപേക്ഷ സ്വീകരിച്ച് അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 241 പേരെ വയനാട് ജില്ലയിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന വിവിധ സ്കൂളുകളിൽ നിയമനം നടത്തി

| | |
|---|---|
| ദ്രവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വേണ്ട പരിശീലനം നൽകി മാസം 15000 രൂപ ഓണറേറിയം നിരക്കിൽ പ്രൈമറി സ്കൂളിൽ ടീച്ചറോ വിദ്യാഭ്യാസ ഉപദേശകനായോ പ്രവർത്തിപ്പിക്കാൻ ഈ പദ്ധതി വഴി ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസം നൽകുന്നതിനോടൊപ്പം ഗോത്ര വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ പരിഹരിക്കുകയും കൊഴിഞ്ഞ് പോക്ക് കുറയ്ക്കുകയും 100 ശതമാനം ആദിവാസി കുട്ടികളുടെ സ്കൂൾ പ്രവേശനം ഉറപ്പാക്കുകയും കുട്ടികൾക്കുവേണ്ട പരിശീലനം നൽകി ഒരു സോഷ്യൽ വർക്കറായും ഉപദേശകനായും ഇവർ പ്രവർത്തിക്കേണ്ടതാണ്. കൂടാതെ വിദ്യാർത്ഥികളെ പരിചരിച്ചുകൊണ്ട് സമൂഹത്തിന്റെയും സ്കൂളിന്റെയും ഇടയിൽ പ്രവർത്തിക്കുന്നവരുമായിരിക്കണം.<br>2017-18 ൽ 400.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | |
| 10. **<u>അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം</u>**<br><br>**<u>അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. (പുതുക്കിയ എറ്റിഎസ്പി ഫണ്ട് പ്രത്യേക പാക്കേജ്) 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയാണ്.</u>**<br>**<u>(100 കോടി രൂപ)</u>**<br><br>**<u>താഴെപ്പറയുന്നവയാണ് പദ്ധതിയുടെ ഘടകങ്ങൾ.</u>**<br>1) **<u>അടിസ്ഥാന സൗകര്യങ്ങൾ</u>**<br>സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും, കുട്ടികൾക്കുമുള്ള അടിസ്ഥാന ആവശ്യങ്ങൾ എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം,ശുചിത്വ പരിപാടികൾ ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവും, അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | പട്ടികവർഗ്ഗ കോളനികളിൽ അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ വനിതകളുടെയും, കുട്ടികളുടെയും അടിസ്ഥാന ആവശ്യങ്ങൾ ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, പുനരധിവാസം. കൃഷി ജലസേചനം മണ്ണ് സംരക്ഷണം, ക്ഷീരവികസനം, മറ്റു സ്വയം തൊഴിൽ പരിപാടികൾ, പട്ടികവർഗ്ഗക്കാരുടെ വികസനത്തിനുതകുന്ന മറ്റ് ആവശ്യാധിഷ്ഠിത കർമ്മ പരിപാടികൾ തുടങ്ങിയവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.<br><br>ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കായി പിന്നാക്ക അവസ്ഥയിലുള്ള കോളനികളുടെ വിവരങ്ങൾ ജില്ലാ തലത്തിൽ നിന്നും ശേഖരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ 102 സങ്കേതങ്ങളുടെ വിവരം ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് ഏറ്റവും പിന്നാക്കം നിൽക്കുന്ന 50 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതാണ്. |
| 2) **<u>എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം.</u>**<br>മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു | 100 തൊഴിൽദിനത്തിന് ഉപരിയായി അധിക തൊഴിൽ ഈ പദ്ധതി പ്രകാരം നൽകുന്നതാണ്. പ്രോജക്ട് സമർപ്പിക്കുന്നതിന് റൂറൽ ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റിനോട് നിർദ്ദേശം നകിയിട്ടുണ്ട്. പ്രോജക്ട് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുക |

| | |
|---|---|
| പദ്ധതി പ്രകാരം തൊഴിൽ രഹിതരായ പട്ടിക വർഗ്ഗക്കാർക്ക് തൊഴിൽ വേതനം ലഭ്യമാക്കുന്ന തോടൊപ്പം ആവശ്യമെങ്കിൽ 100 തൊഴിൽദിന ത്തിന് ഉപരിയായി അധിക തൊഴിൽ ഈ പദ്ധതി പ്രകാരം നൽകുന്നതാണ്. ഇതിന് ആവശ്യമുള്ള തുക ഗ്രാമവികസന കമ്മീഷണ റേറ്റിന് കൈമാറേണ്ടതാണ്.<br>3) **<u>ആരോഗ്യം</u>**<br>മെച്ചപ്പെട്ട ആരോഗ്യപ്രവർത്തനങ്ങൾ, പോഷകാഹാരം നൽകൽ കൂടാതെ ആവശ്യ മെങ്കിൽ വനിതകൾക്കും കുട്ടികൾക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പി ലാക്കുന്നതാണ്.<br>വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളായ ഭവന നിർമ്മാണം, തൊഴിൽദാനം (എം.എൻ.ആർ.ഇ. ജി.എസ്) ആരോഗ്യം, വിദ്യാഭ്യാസം, കുടുംബശ്രീ പദ്ധതികൾ, ഐ.സി.ഡി.എസ്. എൻ. എസ്.എ.പി (പെൻഷൻ സ്കീമുകൾ) തുടങ്ങിയ പദ്ധതികൾ സംയോജിപ്പിച്ച് നടപ്പി ലാക്കാനുള്ള ശ്രമങ്ങൾ എടുക്കുന്നതാണ്.<br>4) **2013-14 മുതൽ വകുപ്പ് നടപ്പിലാക്കിയി രുന്ന ഹാംലെറ്റ് ഡെവലപ്മെന്റ് സ്കീമിന്റെ സ്പിൽഓവർ പണി കൾക്കുള്ള തുക ഈ പദ്ധതിയിൽ നിന്ന് ചെലവാക്കുന്നതാണ്.**<br>5) **<u>പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി</u>** | അനുവദിക്കുന്നതാണ്. |
| ചിന്നിച്ചിതറി താമസിക്കുന്ന ഗോത്ര വിഭാഗ ങ്ങളുടെ വികസനത്തിനായി പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഓരോ സെറ്റിൽമെന്റിനും പദ്ധതി തയ്യാറാക്കുന്നത് ഊരുകൂട്ടങ്ങളുടെ പങ്കാളിത്ത ഗ്രാമീണ വിലയി രുത്തലിന്റെ സഹായത്തോടെ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേ ശിക്കുന്നത്. പങ്കാളിത്ത ഗ്രാമീണ വിലയിരു ത്തലിനായി വിവിധ വകുപ്പുകളുമായി വിശദ മായ ചർച്ചകളും വിഭവങ്ങൾ രേഖപ്പെടുത്തി നിർവ്വഹണത്തിന് അനുയോജ്യമായ രൂപരേഖ അന്തിമമാക്കുക എന്നത് അനിവാര്യമാണ്. ഓരോ മൈക്രോപ്ലാനും അതാത് ജില്ലാകളക്ട റുടെ അംഗീകാരം നേടുന്നതാണ്.<br>ഗ്രാമവികസനം, സാമൂഹ്യനീതി, വനം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വികസന വകുപ്പുകളും കുടുംബശ്രീ മിഷൻ എം.എൻ. ആർ.ഇ.ജി.എസ്,പഞ്ചായത്തുകളും, പ്രാദേ ശിക, ജില്ലാ, സംസ്ഥാന തലത്തിൽ ഏകോ പനം ഉറപ്പാക്കുന്നതാണ്. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പുമന്ത്രിയുടെയും ആസൂത്രണബോർഡ് വൈസ് ചെയർമാ | പദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതിക്കായുള്ള കരട് രൂപ രേഖ 5/11/2016-ൽ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടു ണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം.2321/2017/ത.സ്വ.ഭ തിരുവന ന്തപുരം തീയതി 07/07/2017 പ്രകാരം പി.കെ കാളൻ കുടുംബ ക്ഷേമ പദ്ധതിയിൽ കുടുംബാധിഷ്ടിത മൈക്രോപ്ലാനുകൾ തയ്യാ റാക്കി പട്ടികവർഗ്ഗ വികസനവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്നതിന് പഞ്ചായത്തു കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പി.കെ കാളൻ കുടുംബക്ഷേമ പദ്ധതിയിൽ കുടുംബാധിഷ്ടിത മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനായി ചിന്നിച്ചിതറിക്കിട ക്കുന്ന പട്ടികവർഗ കുടുംബങ്ങളുടെ സാമ്പത്തിക സാമുദായിക സ്ഥിതി വിവര കണക്ക് ശേഖരിക്കുന്നതിനുള്ള സർവ്വെ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |

| | |
|---|---|
| ...യും നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു ഉന്നതതല കമ്മിറ്റിയാണ് സംസ്ഥാന തലത്തിൽ ഈ പരിപാടി മോണിറ്റർ ചെയ്യുന്നത്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തി യഥാസമയം പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ ലിംഗ നിർണ്ണയ സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 75 ശതമാനത്തോളം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കരുതുന്നു. | |
| 11. **ഗോത്രവാത്സല്യനിധി** **(2 കോടി രൂപ)**<br><br>പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തികവർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് ഗോത്ര വാത്സല്യനിധി എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിന്റെ പരിഗണനയിലാണ്.നടപടികൾ സ്വീകരിച്ച് വരുന്നു. | കരട് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പൊതുമേഖല ഇൻഷ്വറൻസ് കമ്പനി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതുമാണ്. ഇതിന്റെ ഗുണഭോക്തക്കളുടെ വിവരശേഖരണം നടത്തി വരുന്നു. |
| **5.വയനാട് ഗോത്രഭാഷാ പഠനകേന്ദ്രം**<br><br>വിവരണാത്മക രീതിയിലും അപഗ്രഥനാപരമായ പ്രവർത്തന സമ്പ്രദായങ്ങളിലൂടെയും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശ്രേഷ്ഠമായ സാംസ്കാരിക പൈതൃകത്തെ ഡോക്യുമെന്റ് ചെയ്യുക (ഭാഷയും,കലാരൂപങ്ങളും വായ്മൊഴിയായ സാഹിത്യത്തെയും). പ്രാഥമിക ദ്വിതീയ തലത്തിലുള്ള ഔദ്യോഗിക രേഖകൾ, സർവ്വെ, വ്യക്തിഗത അഭിമുഖം, ഫീൽഡ് വർക്ക് എന്നിവയുടെ സഹായത്തോടെ ശേഖരിച്ച് സമാഹരിക്കും. | 2017-18-സാമ്പത്തിക വർഷത്തിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിച്ച് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് കിർത്താഡ്സ് മുഖേന പദ്ധതി നടപ്പിലാക്കുന്നതാണ്. |
| 6. **ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക**<br><br>2017-18 സാമ്പത്തികവർഷം സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി അനാരോഗ്യപരമായിട്ടുള്ള മദ്യപാനം, പുകവലി, പുകയില ഉല്പന്നങ്ങളായ പാൻ, പാൻപരാഗ് എന്നിവ യുടെ ഉപയോഗം പട്ടികവർഗ സമൂഹത്തിൽ കൂടുതൽ നിലനിൽക്കുന്നു.<br>ആരോഗ്യവകുപ്പും എക്സൈസ് വകുപ്പുമായി ചേർന്ന് ധാരാളം പ്രചരണങ്ങളും മെഡിക്കൽ ക്യാമ്പും കൂടാതെ മുതിർന്നവർക്കായി പ്രത്യേക ആരോഗ്യ വിദ്യാഭ്യാസക്ലാസ്സുകളും നടത്താൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിൽ നിന്നും ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾക്കും ഇതുമായി ബന്ധപ്പെട്ട പ്രത്യേക കൗൺസിലിംഗിനും പ്രാധാന്യം നൽകുകയും കൂടാതെ ദീർഘ കാലമായിട്ട് മദ്യപാനത്തിന് അടിമപ്പെട്ട് ലഹരി വിമോ | ആരോഗ്യവകുപ്പും എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരിവിരുദ്ധ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2017-18 സാമ്പത്തികവർഷം ഇതുമായി ബന്ധപ്പെട്ട് വയനാട് മൂന്ന് കേന്ദ്രങ്ങളും ഇടുക്കിയിൽ 2 കേന്ദ്രങ്ങളും മലപ്പുറം , അട്ടപ്പാടി, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഓരോകേന്ദ്രവും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| ചന കേന്ദ്രങ്ങളിൽ നടത്തുന്നവരുടെ ആശുപത്രി ചെലവും കണ്ടെത്താവുന്നതാണ്. നിലവിലുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സമീപം ലഹരി വിമോചന കേന്ദ്രങ്ങൾ തുടങ്ങുന്നതിനും ലക്ഷ്യമിടുന്നു. | |
| 7. **പോഷാകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ**<br><br>ഗുരുതര പോഷകാഹാരക്കുറവുള്ള പട്ടികവർഗ മേഖലകളിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉപയോഗിച്ച് പോഷകാഹാര പുനരധിവാസ പ്രചരണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ<br>• പരിശോധന<br>• പോഷകാഹാര കൗൺസിലിംഗ്<br>• പോഷകാഹാരപൂരകം നൽകൽ<br>• പോഷാകാഹാര ബോധവൽക്കരണ പ്രചരണ പരിപാടി<br>• ശുചിത്വ ബോധവത്ക്കരണം<br>• പ്രസവത്തിന് മുമ്പും പിമ്പുമുള്ള പരിശോധന<br>• റഫറൽ സേവനം<br>ഈ പദ്ധതി ആർദ്രം മിഷന്റെ പരിധിയിൽ വരുന്നതാണ്. | ഗുരുതര പോഷകാഹാരക്കുറവുള്ള പട്ടികവർഗ മേഖലകളിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉപയോഗിച്ച് പോഷകാഹാര പുനരധിവാസ പ്രചരണം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. അട്ടപ്പാടിയിൽ പ്രാരംഭഘട്ടമെന്ന നിലയ്ക്ക് പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി കുടുംബശ്രീ മുഖേന ആരംഭിച്ചു. |
| **8. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.**<br><br>1) തിരുവനന്തപുരം ജില്ലയിൽ കുറ്റിച്ചലിൽ എം.ആർ.എസ് നിർമ്മാണം (25 കോടി).<br>2) കണ്ണൂർ ജില്ലയിൽ ആറളത്ത് പുതിയഎം.ആർ.എസ് നിർമ്മാണം (25 കോടി).<br>3) കാസറഗോഡ് ജില്ലയിൽ ബദഡുക്കയിൽ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)<br>4) കാസറഗോഡ് ജില്ലയിൽ കുറ്റിക്കോലിൽ ആൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി രൂപ)<br>5) കൊല്ലം ജില്ലയിൽ അച്ചൻകോവിലിൽ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ (5 കോടി)<br>6) ഇടുക്കി ജില്ലയിൽ നെടുങ്കണ്ടത്ത് പെൺകുട്ടികൾക്കായുള്ള പ്രീമെ ട്രിക് ഹോസ്റ്റൽ (5 കോടി)<br>7) എറണാകുളം ജില്ലയിൽ ഇടമല യാറിൽ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)<br>8) എറണാകുളം ജില്ലയിൽ നേര്യമംഗലത്ത് പെൺകുട്ടികൾക്കായുള്ള | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ KIIFB ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. ടി പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (എസ്.പി.വി). കേരള കൺസ്ട്രക്ഷൻ കോർപറേഷൻ ലിമിറ്റഡിനെയാണ് നിയമിച്ചിട്ടുള്ളത്. ടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതി ലഭ്യമാക്കുന്നതിനും സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനും മണ്ണു പരിശോധന ഉൾപ്പെടെയുള്ള നടപടികൾ കേരള കൺസ്ട്രക്ഷൻ കോർപറേഷൻ പൂർത്തീകരിച്ചു വരുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് എം.ആർ.എസ്. സ്കൂൾ ഒഴുകെയുള്ള പദ്ധതികളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. .മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബിയുടെ അനുമതി ലഭിക്കുന്നതാണ്. ഇത് കിഫ്ബിയുടെ സജീവ പരിഗണയിലാണ്.. |

| | |
|---|---|
| പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)<br>9) ഇടുക്കി ജില്ലയിൽ കോടാലിപ്പാറയിൽ ആൺകുട്ടികൾക്കായുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)<br>10) വി.റ്റി.സി. ഇടുക്കിയിൽ പുതിയ അക്കാഡമിക് ബ്ലോക്കിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണം (10 കോടി)<br>11) തിരുവനന്തപുരം ജില്ലയിൽ പാലോടിൽ എസ്.ടി. യൂത്ത് ഹോസ്റ്റൽ നിർമ്മാണം (5 കോടി).<br>**അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി, ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** | |

**2017-18 വർഷത്തിൽ പട്ടികവർഗ്ഗ വിഭാഗത്തി ന്റെക്ഷേമ ത്തിനുവേി നടപ്പിലാക്കുന്ന പദ്ധതികൾ**

| ക്രമ നം | പദ്ധതികൾ | തുക (രൂപ ലക്ഷം) |
|---|---|---|
| എ | **സംസ്ഥാന പദ്ധതികൾ** | |
| 1 | വിദ്യാർത്ഥികൾക്ക് പ്രോൽസാഹനവും സഹായവും | |
| | (1) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം. | 100.00 |
| | (2) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി | 60.00 |
| | (3) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം | 70.00 |
| | (4) അനാഥരായ കുട്ടികൾക്കുള്ള സഹായം | 100.00 |
| | (5) വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം | 140.00 |
| 2 | പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം | 220.00 |
| 3 | വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി) | 250.00 |
| 4 | ഭവന നിർമ്മാണം | 11508.0 |
| 5 | പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫ്) | 5079.0 |
| 6 | അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി. (പുതുക്കിയ എ.റ്റി.എസ്.പി ഫ് പ്രത്യേക പാക്കേജ്) | 10000. |

| | | |
|---|---|---|
| | അടിസ്ഥാന സൗകര്യങ്ങൾ | |
| | എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം. | |
| | ആരോഗ്യം | |
| | 2013-14 മുതൽ വകുപ്പ് നടപ്പിലാക്കിയിരുന്ന ഹാംലെറ്റ് ഡെവലപ്മെന്റ് സ്കീമിന്റെ സ്പിൽ ഓവർ പണികൾക്കുള്ള തുക ഈ പദ്ധതിയിൽ നിന്ന് ചെലവാക്കുന്നതാണ്. | |
| | **പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി** | |
| 7 | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം) | 5000.00 |
| 8 | പൂൾഡ് ഫ്- പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫ് | 1000.00 |
| 9 | എ). മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ. | 5500.00 |
| 10 | പട്ടികവർഗ്ഗ വിഭാഗത്തന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ | 1500.00 |
| | *പ്രാക്തനാ ഗോത്രവർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം* | |
| | *വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി* | |
| | *ഗോത്ര സാരഥി* | |
| | *സാമൂഹിക പഠനമുറി ആദിവാസി സങ്കേതങ്ങളിൽ സാമൂഹ്യ പഠനമുറി (പുതിയ ഘടകം)* | |
| 11 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ | 175.00 |
| | പ്രീമെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 500.00 |
| 12 | സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം | 2000.00 |
| | ആർട്ടിക്കിൾ 275(1) പ്രകാരമുള്ള പദ്ധതികൾ | 600.00 |
| 13 | ഭക്ഷണത്തിനു ള്ള സഹായ/സുരക്ഷക്കുള്ള പരിപാടി | 2500.00 |
| 14 | പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനു മുള്ള സഹായം | 500.00 |
| 15 | ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം | |
| | 1. ട്രൈബൽ പ്രൊമോട്ടർമാർ | 1360.00 |
| | 2. ഊരുകൂട്ടങ്ങളുടെ സംഘാടനം | 80.00 |

| | | |
|---|---|---|
| | 3. മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കുമുള്ള ഓണറേറിയം. | 228.00 |
| | 4. ഹോസ്റ്റലുകളിലുംഎം.ആർഎസ്സിലുമുള്ള കൗൺസിലർമാർക്ക് ഓണറേറിയം. | 98.00 |
| | 5. പട്ടികവർഗ്ഗ ക്ഷേമത്തിനുവേ സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 125.00 |
| | ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം | 400.00 |
| 16 | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം | |
| | 1. പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം | 250.00 |
| | 2. സിക്കിൾ-സെൽ അനീമിയ രോഗികൾക്കുള്ള സഹായം | 175.00 |
| | 3. ജനനി ജന്മരക്ഷ | 1500.00 |
| | 4. പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം | 25.00 |
| | 5. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി (ഗോത്ര വാത്സല്യ നിധി) | 200.00 |
| 17 | 1. അടിയൻ, പണിയൻ, പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി | 500.00 |
| | 1. അടിയൻ, പണിയൻ,പ്രാക്തനാഗോത്രവർഗ്ഗ വിഭാഗം | |
| | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം. | |
| | അഗതി മന്ദിരം | |
| 18 | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നവീകരണം | 250.00 |
| 19 | 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകലും നിയമം നടപ്പാക്കലും. | 50.00 |
| 20 | ആദികലാഗ്രാമം | 40.00 |
| 21 | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം സംസ്ഥാന വിഹിതം) | |
| | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുകളുടെയും നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം) | 1500.00 |
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം 50 ശതമാനം) | 450.00 |

| | | |
|---|---|---|
| 22 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (സംസ്ഥാന വിഹിതം 50 ശതമാനം) | 125.00 |
| 23 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി (51 ശതമാനം സംസ്ഥാന വിഹിതം) | 25.50 |
| 24 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം) | 30.00 |
| 25 | പട്ടികവർഗ്ഗ ഉപപദ്ധതി-തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ | 17600.00 |
| 26 | ഗ്രാമവികസന പരിപാടികൾ | |
| | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ( പി. എം. എ. വൈ) | 3039.50 |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) | 255.00 |
| | ആകെ സംസ്ഥാന പദ്ധതി വിഹിതം | **75108.00** |
| | 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ | |
| 26 | പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം | 1300.00 |
| 27 | പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ:- | 3000.00 |
| 28 | 9-ാംക്ലാസ്സിലും 10-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്ര സഹായ പദ്ധതി) | 500.00 |
| 29 | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100 ശതമാനം കേന്ദ്ര സഹായം ) | 350.00 |
| 30 | മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം ആർട്ടിക്കിൾ 275(1) പ്രകാരം ) :- | 350.00 |
| 31 | ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം(2006)നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ ) | 100.00 |
| 32 | പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം :- | 60.00 |
| 33 | പട്ടികവർഗ്ഗക്കാർക്കുവേ വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ | 199.76 |
| 34 | പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി പദ്ധതി). | 0.01 |
| 35 | കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ | 0.01 |

| | | |
|---|---|---|
| 36 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം | 0.01 |
| 37 | പട്ടികവർഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ :- | 0.01 |
| 38 | വനബന്ധു കല്യാൺ യോജന | 1000.00 |
| | ആകെ | 6859.80 |
| | 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ | |
| 39 | ഗ്രാമവികസന പരിപാടികൾ | |
| | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ( പി. എം. എ. വൈ) | 4559.20 |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) | 382.50 |
| 40 | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | |
| | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 1500.00 |
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം ((50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 450.00 |
| 41 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 125.00 |
| 42 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി(49 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം)) | 24.50 |
| 43 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 30.00 |
| | ആകെ (സി) | 7071.20 |
| | ആകെ (ബി+സി) | 13931.00 |
| | ആകെ (എ+ബിസി) | 89039.00 |

സെക്ഷൻ ഓഫീസർ

അനുബന്ധം - 11

## SCHEDULED CASTE DEVELOPMENT DEPARTMENT

### Plan Outlay & Expenditure 2016-17 to 2017-18 — Annexure 1

| Sl. No. | Name of scheme | Budget Outlay 2016-17 | Expenditure 2016-17 | Budget Outlay 2017-18 | Expenditure 2017-18 |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | **State Plan Schemes** | | | | |
| A | **Schemes through SCDD** | | | | |
| 1 | Land to Landless Families for Construction of Houses | 17497 | 17572.15 | 18000 | 1444.03 |
| 2 | House to Houseless | 26500 | 37366.64 | 50000 | 11471.05 |
| 3 | Pooled Fund for special Projects proposed by other Departments under SCP | 500 | 513.34 | 100 | |
| 4 | Share Capital Contribution to Kerala State Development Corportation for Scheduled Castes and scheduled Tribes (51% State share) | 2500 | 1728.28 | 2500 | |
| 5 | Modernization and e-governance Initiatives in Development Department | 800 | 540.96 | 500 | 8.10 |
| 6 | Implementation of Protection of Civil Rights (PCR) Act and prevention of autrocities(POA) Act (50% state share) | 500 | 469.66 | 575 | 167.94 |
| | | 200 | 111.38 | 200 | |
| 7 | Critical Gap filling Scheme (Corpus fund) | 24523.00 | 22848.01 | 7888 | 565.94 |
| 8 | Contribution of Kerala State Federation of SCs/STs Development Co-operative Limited. | 200 | 200 | 150 | |
| 9 | Development Programme for the Vulnerable Communities among SC | 1700 | 1743.22 | 1700 | 253.17 |

| Sl. No. | Name of scheme | Budget Outlay 2016-17 | Expenditure 2016-17 | Budget Outlay 2017-18 | Expenditure 2017-18 |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 10 | Financial Assistance for Marriage of SC Girls | 5000 | 5260.60 | 5500 | 1354.95 |
| 11 | Management of Model Residential Schools including Ayyankali Memorial Model Residential School for Sports, Vellayani. | 1500 | 1434.71 | 1500 | 139.34 |
| 12 | Assistance for Education of SC Students | 38000 | 5358.38 | 40410 | 2150.05 |
| 13 | Palakkad Medical College | | 7900.66 | | |
| 14 | Valsalyanidhi(New Scheme) | | | 1000 | |
| 15 | Assistance for Training and Employment | 4000 | 3446.32 | 4000 | 579.7 |
| | **Sub total: A** | **123420** | **106494.31** | 134023 | 18134.27 |
| B | **Schemes through LSGD** | | | | |
| 16 | Boarding Grants | | | | |
| | Assistance to Municipalities | 20 | 18.86 | | |
| | Assistance to Block Panchayats | 30 | 59.54 | | |
| | Assistance to Municipal corporations | 20 | 5.67 | | |
| 17 | Tution System in Pre-Matric Hostels | | | | |
| | Assistance to Block Panchayats | 200 | 100.22 | | |
| | Assistance to Municipalities | 40 | 33.92 | | |
| | Assistanceto Municipal Corporations | 10 | 10.31 | | |
| 18 | Pre Primary Education | | | | |
| | Assistance to village Panchayats | 50 | 32.57 | | |
| | Assistance to Municipalities | 20 | 3.76 | | |
| | Assistance to Municipal Corporations | 20 | 2.25 | | |
| | | **410** | **267.10** | | |

| Sl. No. | Name of scheme | Budget Outlay 2016-17 | Expenditure 2016-17 | Budget Outlay 2017-18 | Expenditure 2017-18 |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| C | **Schemes through Rural Development Department** | | | | |
| 19 | PMAY-G - SCP(40% state share) | 5120 | 3430.58 | 5951 | |
| 20 | National Rural Livelyhood Mission/NRLM - SCP (40% State Share) | 700 | 274.89 | 700 | |
| | | **5820** | **3705.47** | 6651 | |
| D | **Schemes through PWD** | | | | |
| 21 | Construction of Boy's Hostels SC (50% state share) | 400 | 138.13 | 436 | |
| 22 | Working women's hostel in all districts(New Scheme) | | | 150 | |
| 23 | Works and Buildings | 1500 | 507.78 | 1500 | 140.65 |
| | **Sub total: D** | **1900** | **645.91** | 2086 | |
| | **Total: State Plan Schemes (A+B+C+D)** | **131550** | **111112.79** | 142760 | 18134.27 |
| II | **Centrally Sponsored / Assisted Schemes** | | | | |
| A | **SCA to SCSP** | | | | |
| 24 | Special Central Assistance to Special Component Plan (Outside state plan) | 2400 | 456.31 | 1500 | |
| B | **Centrally Sponsored Scheme 50%** | | | | |
| 25 | Implementation of Protection of Civil Rights (PCR) Act and prevention of autrocities(POA) Act (50% central share) | 500 | 469.66 | 575 | 167.94 |
| | | 200 | 111.38 | 200 | |
| 26 | PMAY-G - SCP(60% CSS) | 7680 | 3229.95 | 8927 | |

| Sl. No . | Name of scheme | Budget Outlay 2016-17 | Expenditure 2016-17 | Budget Outlay 2017-18 | Expenditure 2017-18 |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 27 | National Rural Livelyhood Mission/NRLM - SCP (60% Central Share) | 1050 | 412.34 | 1050 | |
| 28 | KSDC for SC and ST Ltd (49% Central share) | 2402 | 699.72 | 2402 | |
| 26 | Construction of Boy's Hostels SC (50% Central share) | 400 | 138.13 | 436 | |
| | **Subtotal: 50% CSS** | **12232** | **5061.18** | **13590.00** | **167.94** |
| C | **Centrally Sponsored Scheme 100%** | | | | |
| 29 | Post Matriculation studies | 26000 | 25916.11 | 28600 | 6124.17 |
| 30 | Upgradation of merit of SC students | 20 | 20.00 | 20 | |
| 31 | Pre-matric Scholarships to the Children of those engaged in unclean occupations | 40 | 25.76 | 40 | |
| 32 | Construction of Girls' hostels(post matric)-Babu Jagjivan Ram Chhatrawas Yojana (100% CSS) | 400 | 121.40 | 400 | |
| 33 | Prematric Scholarship for SC Students studying in classes 9 and 10 (100% CSS) | 2000 | 2000.00 | 2000 | |
| | **Sub total 100% CSS** | **28460** | **28083.27** | 31060 | 6124.17 |
| | **Total: Central Schemes** | **43092** | **33600.76** | 46150.00 | 6292.11 |
| | **Grand Total** | **174642** | **144713.55** | 188910.00 | 24426.38 |

സെക്ഷൻ ഓഫീസർ

# അനുബന്ധം III

1) **ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി**

2016-17 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 17497.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നു. 93.75 ലക്ഷം രൂപ പ്രീ ഓതറൈസേഷൻ ആയി ഈ പദ്ധതിയ്ക്ക് ലഭിച്ചു. ടി സാമ്പത്തികവർഷം 17572.15 ലക്ഷം രൂപ 4465 ഗുണഭോക്താക്കൾക്കായി വിനിയോഗിച്ചു.

2) **ഭവനരഹിതർക്ക് ഭവനം:**

2016-17 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 26500.00 ലക്ഷം രൂപ വകയിരുത്തി. 104.10 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് പ്രീ ഓതറൈസേഷൻ ആയി ലഭിച്ചു. 37366.64 ലക്ഷം രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചു. ഇതിൽ IAY പദ്ധതിയ്ക്കായുള്ള അധിക വിഹിതമായി പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം എന്ന പദ്ധതിയിൽ നിന്നും റീ-അപ്രോപ്രിയേഷനിലൂടെ 10763.79 ലക്ഷം രൂപ അനുവദിച്ചു നൽകി. 2016-17 സാമ്പത്തികവർഷം 14946 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. ആയതിൽ 967 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 4567 സ്പിൽ ഓവർ വീടുകളും പൂർത്തിയായിട്ടുണ്ട്. മുൻവർഷങ്ങളിൽ അനുവദിച്ചതിൽ നിന്നും സ്പിൽ ഓവർ ആയി 25772 വീടുകൾ നിലവിലുണ്ട്.

3) **പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ:**

2016-17 സാമ്പത്തികവർഷം 1700.00 ലക്ഷം രൂപ വകയിരുത്തി. 58.48 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് പ്രീ ഓതറൈസേഷൻ ആയി ലഭിച്ചു. 1743.22 ലക്ഷം രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചു. 378 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനും, 210 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനും ധനസഹായം നൽകി.

4) **പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്**

വിവിധ വകുപ്പുകൾ, സർക്കാർ ഏജൻസികൾ എന്നിവയ്ക്ക് പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കുന്നതിലേക്കായി 2016-17 വർഷം 500.00 ലക്ഷം രൂപ വകയിരുത്തി. 57.84 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് പ്രീ ഓതറൈസേഷൻ ആയി ലഭിച്ചു. ടി കാലയളവിൽ 513.34 ലക്ഷം രൂപ ചെലവഴിച്ചു. പദ്ധതി പ്രകാരം 29 ഹോമിയോപ്പതിക് ഹെൽത്ത് സെന്ററിനും, 115 പശു വളർത്തൽ യൂണിറ്റുകൾക്കുമായി ഫണ്ട് അനുവദിച്ചു.

5) **മരാമത്തും, കെട്ടിടവും**

ഈ പദ്ധതിയുടെ ബഡ്ജറ്റ് ശീർഷകം കൈകാര്യം ചെയ്യുന്നത് പൊതുമരാമത്ത് വകുപ്പാണ്. 2016-17 സാമ്പത്തികവർഷം ഇതിനായി 1500.00 ലക്ഷം രൂപ വകയിരുത്തിയതിൽ 507.78 ലക്ഷം രൂപ ചെലവഴിച്ചു.

6) **പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും, ഇ-ഗവേണൻസ് സംരംഭങ്ങളും:**

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, വകുപ്പിന്റെ കീഴിലുള്ള ജില്ലാ, മേഖല, തദ്ദേശ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുടെ നവീകരണം, അറ്റകുറ്റപ്പണികൾ, ആവശ്യമായ ഉപകരണ സാമഗ്രികൾ വാങ്ങുക എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. 2016-17 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 800.00 ലക്ഷം രൂപ വകയിരുത്തിയതിൽ 540.96 ലക്ഷം രൂപ ചെലവഴിച്ചു.

7) **പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി):**

2016-17 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 24523.00 ലക്ഷം രൂപ വകയിരുത്തിയതിൽ 22848.01 ലക്ഷം രൂപ ചെലവഴിച്ചു. ചികിത്സാധനസഹായം 23073 പേർക്ക് നൽകി. 1/3 കോർപ്പസ് ഫണ്ടിനത്തിൽ ജില്ലകൾക്കായി അനുവദിച്ച 8022.12 ലക്ഷം രൂപയും, 750 ഓളം പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും, 3188.15 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി കെ.എസ്.ഇ.ബി യ്ക്ക് 11.78 കോടി നൽകി. സ്വയം പര്യാപ്ത ഗ്രാമ വികസന പദ്ധതി പ്രകാരം മുൻവർഷങ്ങളിൽ തെരഞ്ഞെടുത്തിരുന്ന 216 സങ്കേതങ്ങളിൽ 50 സങ്കേതങ്ങളിലെ പ്രവർത്തികൾ പൂർത്തീയാക്കുകയും പദ്ധതിയ്ക്കായി 19,92,74,670/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 വർഷം ഒരു നിയോജകമണ്ഡലത്തിൽ നാൽപ്പതിലധികം കുടുംബങ്ങളുള്ള സങ്കേതങ്ങൾ വീതം 280 സങ്കേതങ്ങളാണ് അംബേദ്കർ സ്വയം പര്യാപ്ത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ബഹു. എം.എൽ എ മാർ നിർദ്ദേശിച്ച 196 സങ്കേതങ്ങളിലെ പ്രവർത്തികൾക്കായി 98 കോടി രൂപ നൽകുകയും പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ ഗാന്ധിഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കോളനികളുടെ സമഗ്രവികസനത്തിനായി രണ്ടാംഗഡുവായി 2.16 കോടി രൂപയും അനുവദിച്ചു.

8) **പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം:**

പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന്റെ പരിധിയിൽ വരുന്ന പട്ടികജാതി സഹകരണ സംഘങ്ങൾക്ക് സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആയുർധാരയ്ക്കും, പെട്രോൾ പമ്പിനുമായുള്ള സാമ്പത്തികസഹായം ഫെഡറേഷൻ നൽകുന്നു. 2016-17 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 200.00 ലക്ഷം രൂപ വകയിരുത്തുകയും ആയത് ടി ഫെഡറേഷന് നൽകുകയും ചെയ്തിട്ടുണ്ട്.

9) **പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം:**

2016-17 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 5000.00 ലക്ഷം രൂപ വകയിരുത്തി 260.90 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് പ്രീ ഓതറൈസേഷൻ ആയി ലഭിച്ചു. പദ്ധതി പ്രകാരം 10523 പേർക്കായി 5260.60 ലക്ഷം രൂപ ചെലവഴിച്ചു.

10) **വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്:**

2016-17 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 1500.00 ലക്ഷം രൂപ വകയിരുത്തിയതിൽ 10 എം.ആർ.എസുകളുടെ ദൈനംദിന ചെലവുകൾ, അറ്റകുറ്റപ്പണികൾ, അത്യാവശ്യ സാധനങ്ങൾ വാങ്ങൽ എന്നിങ്ങനെ പദ്ധതിയ്ക്കായി ആകെ 1434.71 ലക്ഷം രൂപ ചെലവഴിക്കുകയും, പദ്ധതിയിലൂടെ 2022 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

11) **പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം**

2016-17 വർഷത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസത്തിനും, പാലക്കാട് മെഡിക്കൽ കോളേജിനുമായി 38000.00 ലക്ഷം രൂപ വകയിരുത്തിയതിൽ 13259.04 ലക്ഷം രൂപ ചെലവഴിച്ചു. ഈ പദ്ധതിക്കനുവദിച്ച തുകയിൽ നിന്നും റീ അപ്രോപ്രിയേഷനിലൂടെ ഐ.എ.വൈ പദ്ധതിക്കായി 10763.79 ലക്ഷം രൂപയും കടം എഴുതിത്തള്ളുന്ന പദ്ധതിക്കായി (Non Plan) 8900.00 ലക്ഷം രൂപയും അനുവദിച്ചു നൽകി

**പ്രധാനപ്പെട്ട ഭൗതികനേട്ടങ്ങൾ**

- ലാപ്ടോപ്പ് - 2322 വിദ്യാർത്ഥികൾക്ക്
- സ്റ്റെതസ്കോപ്പ് - 313 വിദ്യാർത്ഥികൾക്ക്
- പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് - 133120 വിദ്യാർത്ഥികൾക്ക്
- സ്റ്റഡി ടൂർ - 1040 വിദ്യാർത്ഥികൾക്ക്
- പ്രീമെട്രിക് ലംപ്സംഗ്രാന്റ് - 392836 വിദ്യാർത്ഥികൾക്ക്
- അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് - 1199 (പുതിയത്) വിദ്യാർത്ഥികൾക്ക്
- 426 (റിന്യൂവൽ) വിദ്യാർത്ഥികൾക്ക്
- ഹോസ്റ്റൽ എൻറോൾമെന്റ് - 701 വിദ്യാർത്ഥികൾക്ക്
- എൻട്രൻസ് കോച്ചിംഗ് ഗ്രാന്റ് - 657 വിദ്യാർത്ഥികൾക്ക്
- ഇൻഡ്യയ്ക്ക് വെളിയിൽ പഠിയ്ക്കുന്നതിന് 3 വിദ്യാർത്ഥികൾക്ക്
- കേരളത്തിന് വെളിയിൽ പഠിയ്ക്കുന്നതിന് 476 വിദ്യാർത്ഥികൾക്ക്.

12) **തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം**

2016-17 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 4000.00 ലക്ഷം രൂപ വകയിരുത്തിയിതിൽ 3446.32 ലക്ഷം രൂപ ചെലവഴിച്ചു. വിദേശ തൊഴിൽ പദ്ധതി പ്രകാരം 446 പേർക്കും സ്വയം തൊഴിൽ പദ്ധതി പ്രകാരം 192 പേർക്കും ധനസഹായം അനുവദിക്കുകയുണ്ടായി. 2016-17 സാമ്പത്തികവർഷം തുക അനുവദിച്ച പ്രധാന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം IV ആയി ചേർക്കുന്നു.

- ഈ പദ്ധതി പ്രകാരം വകുപ്പിന് കീഴിൽ 4 പി.ഇ.റ്റി.സികളുടെ പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം 5115415/- രൂപ ചെലവഴിച്ചിട്ടുണ്ട്.
- 1624 വിദ്യാർത്ഥികൾക്ക് പി.ഇ.റ്റി.സികളിലൂടെ 2016-17 പരിശീലനം നല്കിയിട്ടുണ്ട്.
- ഈ പദ്ധതി പ്രകാരം സിവിൽ സർവ്വീസ് ട്രെയിനിംഗ് നൽകുന്ന ഐ.സി.എസ്.ഇ.ആർ-ന്റെ ചെലവുകൾക്കായി 2016-17-ൽ 73 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 30 വിദ്യാർത്ഥികൾക്ക് പരിശീലനം നല്കിയിട്ടുള്ളതുമാണ്.

13) **തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ - എസ്.സി.പി** പ്രീ പ്രൈമറി വിദ്യാഭ്യാസം/ബോർഡിംഗ് ഗ്രാന്റ്/പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ട്യൂഷൻ സമ്പ്രദായം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന പ്രത്യേക ഘടക പദ്ധതിയിലെ പരിപാടികൾ നടപ്പിലാക്കുന്നതിന് 2016-17 വർഷം 410.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അതിൽ 267.10 ലക്ഷം രൂപ ചെലവഴിച്ചു.

14) പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം
(ബഡ്ജറ്റ് ഇതര കേന്ദ്രസഹായം)

പട്ടികജാതി വികസനത്തിനായി 20 വകുപ്പുകൾ മുഖേന ജില്ലാ കളക്ടർമാർ നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണം/പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ധനസഹായം/നടപ്പാക്കൽ മോണിട്ടറിംഗ് സംവിധാനം/ സാമ്പത്തിക വികസനം ലക്ഷ്യമാക്കുന്ന പദ്ധതികൾ പട്ടികജാതി വികസന വകുപ്പു മുഖേന നടപ്പിലാക്കുക/കൂടുതൽ ആളുകളുടെ സേവനം ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാതലത്തിലെയും, പട്ടികജാതി ഡയറക്ടറേറ്റിന്റെയും കീഴിൽ വരുന്ന പരിപാടികളുടെ മോണിട്ടറിംഗ് സംവിധാനം ശക്തിപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. 2016-17 സാമ്പത്തിക വർഷം പ്രത്യേക കേന്ദ്ര സഹായമായി 2400.00 ലക്ഷം രൂപ ഈ പദ്ധതിയിൽ വകയിരുത്തിയതിൽ 1235.00 ലക്ഷം രൂപയുടെ വിവിധ പരിശീലന തൊഴിലധിഷ്ടിത വരുമാനദായക പദ്ധതികൾക്ക് വിവിധ ജില്ലകൾക്കായും, പട്ടികജാതി വികസന കോർപ്പറേഷൻ, മിൽമ എന്നീ ഏജൻസികൾക്കായും അനുവദിച്ചു നൽകി. എസ്.സി/എസ്.റ്റി കോർപ്പറേഷൻ മുഖേനയുള്ള പദ്ധതി പ്രകാരം 1600 പേർക്കാണ് ലോൺ സബ്സിഡി നൽകുന്നത്

15) <u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u> (100%)

a) **പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി 26000.00 ലക്ഷം രൂപ വകയിരുത്തിയതിൽ 25916.11 ലക്ഷം രൂപ ചെലവഴിച്ചു.
പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് - 182780 പേർക്ക്

b) **പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ**

2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി വകയിരുത്തിയ 20.00 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി.

c) **പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്)**
**(ബാബു ജഗജീവൻ റാം ഛത്രവാസ് യോജന)**

2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയതിൽ 121.40 ലക്ഷം രൂപ ചെലവഴിച്ചു.

d) **ശുചിത്വഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ**

2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി 40.00 ലക്ഷം രൂപ വകയിരുത്തിയതിൽ 25.76 ലക്ഷം രൂപ ചെലവഴിച്ചു.

e) **9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്**

2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി വകയിരുത്തിയ 2000.00 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി.

16) <u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u> (50%)

a) **<u>ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം</u> (<u>സംസ്ഥാന വിഹിതം</u>):**

2016-17 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്ക് 50% സംസ്ഥാന വിഹിതമായി 400.00 ലക്ഷം രൂപയും കേന്ദ്ര വിഹിതമായി 400.00 ലക്ഷം രൂപയും വകയിരുത്തിയതിൽ 276.26 ലക്ഷം രൂപ ചെലവഴിച്ചു.

b) **പൗരവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)**

2016-17 ൽ 50% സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്ന 700.00 ലക്ഷം രൂപയും കേന്ദ്ര വിഹിതമായി 700.00 ലക്ഷം രൂപയും വകയിരുത്തിയതിൽ 62.08 ലക്ഷം രൂപ ചെലവഴിച്ചു. അതിക്രമത്തിനിരയായ 267 ഗുണഭോക്താക്കൾക്ക് 251.56 ലക്ഷം രൂപയും, മിശ്രവിവാഹ ധനസഹായമായി 1466 പേർക്ക് 733.00 ലക്ഷം രൂപയും അനുവദിച്ചു.

c) <u>**കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് - എസ്.സി.പി (51% സംസ്ഥാന വിഹിതം):**</u>

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പരിധിയിൽപ്പെടുന്ന പദ്ധതിയ്ക്കുള്ള ഓഹരി മൂലധനം പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും നൽകുന്നു. ഓഹരി മൂലധനത്തിന് തുല്യമായ തുക കേന്ദ്രവിഹിതമായി കോർപ്പറേഷന് നൽകുന്നു. അർഹരായ പട്ടികജാതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും, അവരെ സാമ്പത്തിക വികസന പദ്ധതികളിൽ പങ്കാളികളാക്കാനും, ഈ പദ്ധതികളെ ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് സ്പോൺസർ ചെയ്യുകയും അതുവഴി കുറഞ്ഞ നിരക്കിൽ പണവും, സബ്സിഡികളും ലഭിക്കുകയും അതുവഴി അവരുടെ പണം തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യത കുറയ്ക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ അവരെ പങ്കാളികളാക്കാനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു. 2016-17 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 2500.00 ലക്ഷം രൂപ 51% സംസ്ഥാന വിഹിതമായും, 2402.00 ലക്ഷം 49% കേന്ദ്രവിഹിതമായും ഈ പദ്ധതിയിൽ വകയിരുത്തിയതിൽ 2427.72 ലക്ഷം രൂപ ടി കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

d) <u>**പ്രധാനമന്ത്രി ആവാസ് യോജ്ന - ഗ്രാമീൺ (60% കേന്ദ്രവിഹിതം)**</u>

2016-17 ൽ 40% സംസ്ഥാന വിഹിതവും, 60% കേന്ദ്ര വിഹിതവും ചേർത്ത് 12800.00 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 6660.53 ലക്ഷം രൂപ ചെലവഴിച്ചു.

e) <u>**എൻ.ആർ.എൽ.എം. (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)**</u>

2016-17 ൽ 40% സംസ്ഥാന വിഹിതവും, 60% കേന്ദ്ര വിഹിതവും ചേർത്ത് 1750.00 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 687.23 ലക്ഷം രൂപ ചെലവഴിച്ചു.

സെക്ഷൻ ഓഫീസർ